II ഇ.ബി.XIV-കേരള നിയമസഭ/XI-7

# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജൂൺ 12, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

21 (*181) 15-ാം ധനകാര്യ കമ്മീഷന്റെ മുന്നിൽ സർക്കാർ ഉന്നയിച്ച ആവശ്യങ്ങൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, വർദ്ധിച്ചുവരുന്ന സെസ്സ്, സർചാർജ്, ജി.എസ്.റ്റി. എന്നിവയുടെ ഫലമായി സംസ്ഥാനങ്ങൾക്ക് കേന്ദ്ര നികുതി വിഹിതത്തിലും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതത്തിലുമുണ്ടായ കുറവുകൾ പരിഹരിക്കണമെന്നും കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള റവന്യൂ വരവ് ചെലവുകളിലെ വർദ്ധിച്ച് വരുന്ന അന്തരം ഇല്ലാതാക്കാനായി സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകുന്ന കേന്ദ്ര നികുതിയുടെ വിഹിതം 42 ശതമാനത്തിൽ നിന്നും 50 ശതമാനമായി ഉയർത്തണമെന്നും നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971-ലെ

കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക് ജനസംഖ്യയ്ക്ക് തുല്യമായ വെയ്റ്റേജ് നൽകണമെന്നും 2011-ലെ സെൻസസ് അടിസ്ഥാനമാക്കി വിഭവവിഭജനം നടത്തണമെന്ന് നിർദ്ദേശിച്ചിരിക്കുന്ന ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തീരദേശ പരിപാലനം, വന സംരക്ഷണം, നൈപുണ്യ വികസനം, പ്രവാസി പുനരധിവാസം തുടങ്ങിയവയ്ക്ക് പ്രത്യേക മേഖല ഗ്രാന്റുകൾ നൽകണമെന്നും പബ്ലിക് കലാമിറ്റി ഇൻഷ്വറൻസ് സ്കീം, വാർഡ് ലെവൽ കലാമിറ്റി റെസ്പോൺസ് ഫണ്ട്, ജൻഡർ സെൻസിറ്റീവ് ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ എന്നിവയ്ക്ക് ഗ്രാന്റ് അനുവദിക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക് ഗ്രാന്റും 10% പെർഫോർമൻസ് ഗ്രാന്റും ബാക്കി 30% ഗ്രാന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കി നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. SDRF-ന്റെ കോർപ്പസ് 3000 കോടി രൂപയായി ഉയർത്തണമെന്നും സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP യുടെ 3% ആയി നിലനിർത്തണമെന്നും തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടന ഭേദഗതിക്ക് ശിപാർശ ചെയ്യണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. റബ്ബർ മേഖലയെ സംരക്ഷിക്കുന്നതിന് 250 കോടി രൂപ വകയിരുത്തണമെന്നും

മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാനങ്ങൾക്ക് ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകണമെന്നും ജനസംഖ്യാ വർദ്ധനവ് നിയന്ത്രിക്കാൻ നടപടി സ്വീകരിച്ച സംസ്ഥാനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കരുതെന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. സംസ്ഥാനങ്ങൾക്കുള്ള റവന്യൂ കമ്മി ഗ്രാന്റ് തുടർന്നും നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും 2018-19-ൽ റവന്യൂ, ധന കമ്മികൾ സാധാരണ നിലയിലേയ്ക്ക് കൊണ്ടുവരുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

22 (*182 & *184) കിഫ്ബി പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി ബോണ്ടുകൾ

ധനകാര്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കിഫ്ബി ധനസമാഹരണത്തിന്റെ ആദ്യഘട്ടമായി വിദേശ രാജ്യങ്ങളിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന് ബോർഡ് യോഗം തീരുമാനിക്കുകയും ആക്സിസ് ബാങ്കിനെ അഡ്വൈസറായി നിയമിക്കുകയും ചെയ്തുവെന്ന് സഭയെ അറിയിച്ചു. ജൂലൈ ആദ്യവാരത്തോടെ ബോണ്ട് പുറപ്പെടുവിക്കുമെന്നും ഇതിലൂടെ 5,000 കോടി രൂപ സമാഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുമെന്നും ഇവ പുറപ്പെടുവിക്കുന്നതിന് റിസർവ് ബാങ്കിൽനിന്നും

അനുവാദം ലഭിക്കുമെന്നും ഇതുമായി ബന്ധപ്പെട്ട് അന്തർദ്ദേശീയ നിലവാരമുള്ള റേറ്റിംഗ് ഏജൻസികളെ ടെണ്ടർ പ്രകാരമാണ് നിയമിച്ചതെന്നും മന്ത്രി വ്യക്തമാക്കി. മോട്ടോർ വാഹന നികുതി വിഹിതം, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ് ഉൾപ്പെടെ മുൻ ബഡ്ജറ്റ് വിഹിതത്തിൽ ബാക്കി വന്ന തുകയിൽ നിന്ന് സീഡ് ക്യാപിറ്റലായും കിഫ്ബിക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. നബാർഡിന്റെ NIDA പദ്ധതിയിലൂടെ 565 കോടി രൂപയുടെ പദ്ധതികൾക്കുള്ള വായ്പാനുമതിയും ലഭിച്ചിട്ടുണ്ട്. സെബി/റിസർവ് ബാങ്ക് അംഗീകാരമുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങളെ പ്രയോജനപ്പെടുത്തുമെന്നും കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി കെ.എസ്.എഫ്.ഇ.യുടെ ആഭിമുഖ്യത്തിൽ പ്രവാസി ചിട്ടി ആരംഭിക്കുമെന്നും ആസൂത്രണ - നിർവ്വഹണക്രമങ്ങളിലെ കൃത്യത, തടസ്സരഹിത ധനലഭ്യത, ആസൂത്രിതമായ തിരിച്ചടവ് എന്നിവയിലൂടെ കിഫ്ബി വഴിയുള്ള പ്രഖ്യാപിത അടിസ്ഥാന സൗകര്യവികസന ലക്ഷ്യം സാക്ഷാത്കരിക്കാനാകുമെന്നും മന്ത്രി അറിയിച്ചു. മുൻ സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ചവയിൽ 23,414.4 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി നിർവ്വഹണാനുമതി നൽകിയിട്ടുണ്ടെന്നും ബാക്കി പദ്ധതികൾ ആസൂത്രണ ഘട്ടത്തിലാണെന്നും റെയിൽവേ ഓവർ ബ്രിഡ്ജുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ടെന്നും കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടിക്രമങ്ങളിലെ

കാലതാമസം കുറയ്ക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ലഭ്യമായ ഫണ്ടിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കിഫ്ബി പദ്ധതികൾ നടപ്പാക്കുമെന്നും കിഫ്ബിയിലോ സംസ്ഥാന ബഡ്ജറ്റിലോ ഉൾപ്പെടുത്തി പ്രഖ്യാപിക്കപ്പെട്ട മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മിക്കുന്നതാണെന്നും നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കിക്കൊണ്ട് വൻകിട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണെന്നും കിഫ്ബിയിൽ ഉൾപ്പെടുത്തി മലയോര - തീരദേശ ഹൈവേകൾ, കുടിവെള്ള പദ്ധതികൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

23(*183) <u>പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ്</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പെട്രോൾ, ഡീസൽ വിലവർദ്ധനവ് സാധാരണക്കാരിൽ അമിതഭാരമേൽപ്പിക്കുന്നതോടൊപ്പം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി കൂടുന്നതിന് കാരണമായിട്ടുണ്ടെന്നും വില വർദ്ധനവ് കുറയ്ക്കുന്നതിനുവേണ്ടി വർദ്ധിപ്പിച്ച എക്സൈസ് ഡ്യൂട്ടിയിൽ കുറവുവരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേന്ദ്രസർക്കാരാണ് വിലവർദ്ധനവിന് ആനുപാതികമായി നികുതിയിൽ കുറവ്

വരുത്തേണ്ടതെന്നും റവന്യൂ ധന കമ്മികൾ കുറച്ചുകൊണ്ടുവരുന്നതിന് ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ജി.എസ്.റ്റി.യിൽനിന്നുള്ള വരുമാനം വർദ്ധിക്കുന്നതോടുകൂടി ധനപ്രതിസന്ധി കുറച്ചുകൊണ്ടുവരാൻ സാധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2277 മുതൽ 2596 വരെയുള്ള ചോദ്യങ്ങളിൽ 91 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)